**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128** **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ വി ജോയി,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. പി. നന്ദകുമാർ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ തുടർച്ചയായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ ഫലമായി ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാനായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (എ) | ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ മുൻവർഷങ്ങളിലെ തുടർച്ചയായി ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ കൂടാതെ വൈക്കോൽ ബയിലിംഗ് യൂണിറ്റ്, പാരമ്പര്യേതര കാലീത്തീറ്റ നിർമ്മാണ യൂണിറ്റ്, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകളുടെ യന്ത്രവത്ക്കരണം തുടങ്ങിയ പുതിയ പദ്ധതികളും ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ആദ്യമായി സർക്കാർ നിയന്ത്രണത്തിൽ കിടാരികളെ വളർത്തി കറവപശുക്കളാക്കി കർഷകർക്ക് നൽകുന്നതിന് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ച് കിടാരി പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2014-2015-ൽ പ്രതിദിനം 15.26 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21 .3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാലുല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയേക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. 2017-18 ൽ ആയതിന് ദേശീയ തലത്തിലുള്ള ഇന്ത്യാ ടുഡേ അവാർഡ് കേരളത്തിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ, നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ, പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്ത് എത്തിക്കുന്ന സ്ഥിതിയിൽ ആയിട്ടുണ്ട്. കൂടാതെ, 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |
| (ബി) | ക്ഷീരകർഷകർ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് വായ്പാ പലിശ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ക്ഷീരവികസനവകുപ്പ് മുഖേന വായ്പ പലിശ സഹായം നൽകുന്ന പദ്ധതികൾ നിലവിലില്ല. വകുപ്പിന്റെ പദ്ധതികൾ മുഖേന ഗുണഭോക്താക്കൾക്ക് സർക്കാർ ധനസഹായം സബ്സിഡിയായി നൽകിവരുന്നുണ്ട്. |
| (സി) | കറവയന്ത്രത്തിനും പുൽകൃഷിക്കും സബ്സിഡി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തീറ്റപ്പുൽകൃഷി കൂടുതൽ വ്യാപകമാക്കാൻ പരിപാടിയുണ്ടോ? | (സി) | കറവയന്ത്രത്തിനും പുൽകൃഷിയ്ക്കും വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. നടപ്പ സാമ്പത്തിക വർഷം 2200 ഹെക്ടർ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. ഇതിനായി സബ്സിഡിയിനത്തിൽ 473 ലക്ഷം രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 300 കറവയന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് നൽകാനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . തൊഴിലുറപ്പ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തുടനീളം, തരിശുഭൂമി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ